**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5551** **03-11-2021 - ൽ മറുപടിയ്ക്ക്**

**ജന്റർ പാർക്കിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജന്റർ പാർക്കിൽ വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യം വെച്ച് ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | എ) & ബി) വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യം വച്ച് ജെൻഡർ പാർക്കിന്റെ കീഴിൽ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഹെറിറ്റേജ് മ്യൂസിയം (ഒന്നാം ഘട്ടം) 2. ജെൻഡർ ലൈബ്രറി (ഒന്നാം ഘട്ടം) 3. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ 4. ആംഫി തിയേറ്റർ 5. ജെൻഡർ ഡേറ്റാ ഹബ് 6. ലിംഗ സമത്വത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനം 7. ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ് 8. ഓഫ് ക്യാമ്പസ് പദ്ധതികൾ - ഷീ ടാക്സി മേല്പറഞ്ഞവ കൂടാതെ താഴെ പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുള്ളതും ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1. ഹെറിറ്റേജ് മ്യൂസിയം (രണ്ടാം ഘട്ടം) 2. ജെന്റർ ലൈബ്രറി (രണ്ടാം ഘട്ടം) 3. വുമൺ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (WiSE) 4. ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ശാക്തീകരണം -സംവാദവും ആക്ഷൻ പ്ലാനും 5. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC) 6. ജെന്റർ സൗഹൃദ നഗരാസൂത്രണം 7. ഓഫ് ക്യാമ്പസ് പദ്ധതികൾ-ഇന്റഗ്രേഷൻ പദ്ധതി (സംയോജിത സ്ത്രീ സുരക്ഷാ പദ്ധതി) |
| (ബി) | കോഴിക്കോട് പ്രവർത്തിക്കുന്ന ജന്റർ പാർക്കിൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ; | (ബി) | എ) & ബി) വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യം വച്ച് ജെൻഡർ പാർക്കിന്റെ കീഴിൽ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഹെറിറ്റേജ് മ്യൂസിയം (ഒന്നാം ഘട്ടം) 2. ജെൻഡർ ലൈബ്രറി (ഒന്നാം ഘട്ടം) 3. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ 4. ആംഫി തിയേറ്റർ 5. ജെൻഡർ ഡേറ്റാ ഹബ് 6. ലിംഗ സമത്വത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനം 7. |

| | | | |
|---|---|---|---|
| | | | ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ് 8. ഓഫ് ക്യാമ്പസ് പദ്ധതികൾ - ഷീ ടാക്സി മേല്പറഞ്ഞവ കൂടാതെ താഴെ പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുള്ളതും ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1. ഹെറിറ്റേജ് മ്യൂസിയം (രണ്ടാം ഘട്ടം) 2. ജെന്റർ ലൈബ്രറി (രണ്ടാം ഘട്ടം) 3. വുമൺ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (WiSE) 4. ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ശാക്തീകരണം -സംവാദവും ആക്ഷൻ പ്ലാനും 5. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC) 6. ജെന്റർ സൗഹൃദ നഗരാസൂത്രണം 7. ഓഫ് ക്യാമ്പസ് പദ്ധതികൾ-ഇന്റഗ്രേഷൻ പദ്ധതി (സംയോജിത സ്ത്രീ സുരക്ഷാ പദ്ധതി) |
| (സി) | ആധുനിക വിഷ്വൽ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ജന്റർ മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ? | (സി) | സി) ജെൻഡർ പാർക്കിന്റെ കോഴിക്കോട് ക്യാമ്പസിൽ കേരള സ്ത്രീ ചരിത്രത്തെക്കുറിച്ചും സ്ത്രീകളുടെ പോരാട്ടത്തെക്കുറിച്ചും പ്രദർശിപ്പിക്കുന്ന ഇടമായ ഹെറിറ്റേജ് മ്യൂസിയത്തിന്റെ ആദ്യഘട്ടം 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തു. വിഷ്വൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടു ആദ്യ ഘട്ടത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയത്. 1. ഓഡിയോ-വിഷ്വൽ റൂം 2. ഷോർട്ട് വീഡിയോ/സിഗ്നേച്ചർ ചിത്ര നിർമ്മാണം 3. 5 സ്ത്രീകളുടെ ജീവിത കഥകളെക്കുറിച്ചുള്ള ഹ്രസ്വ വീഡിയോകളുടെ ഒരു പരമ്പര (2 മിനിട്ടു വീതം)-നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാം ഘട്ട പ്രവർത്തനത്തിൽ ചുവടെ പറയുന്ന വിഷ്വൽ സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ടു ഹെറിറ്റേജ് മ്യൂസിയം വിപുലീകരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. ഇതിനു ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. 1. 10 സ്ത്രീകളുടെ ജീവിത കഥകളെക്കുറിച്ചുള്ള ഹ്രസ്വ വീഡിയോകളുടെ ഒരു പരമ്പര (3 മിനിട്ടു വീതം) 2. മ്യൂസിക് വീഡിയോ (2 എണ്ണം) ചരിത്രത്തിലൂടെ സ്ത്രീകൾ ജോലിയിൽ സ്ത്രീകൾ 3. ടച്ച് സ്ക്രീനുകളുടെ ഇൻസ്റ്റലേഷൻ 4. മ്യൂസിയം വെബ് സൈറ്റും ആപ്ലിക്കേഷനും 5. വെർച്വൽ ടൂർ (ഹെറിറ്റേജ് മ്യൂസിയം) വിശദീകരണക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജെൻഡർ പാർക്ക്

ലിംഗസമത്വവും സ്ത്രീ ശാക്തീകരണവും ഉറപ്പാക്കാൻ കേരളത്തിലെ വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സംരംഭമാണ് ജെൻഡർ പാർക്ക്. തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജെൻഡർ പാർക്കിന്റെ പ്രധാന ക്യാമ്പസ് സജ്ജീകരിച്ചിരിക്കുന്നത് കോഴിക്കോടാണ്. ലിംഗനയം, ഗവേഷണം, വിദ്യാഭ്യാസം, സാമൂഹിക സംരംഭങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന ഒരു വേദിയായാണ് ജെൻഡർ പാർക്ക് ഒരുക്കിയിരിക്കുന്നത്. ലിംഗസമത്വവും സ്ത്രീ ക്ഷേമവും മുൻനിർത്തി രൂപം കൊടുത്ത ജെൻഡർ പാർക്ക് ഈ മേഖലയിലെ പ്രവർത്തനങ്ങളുടെ പ്രധാന സംയോജന കേന്ദ്രമായി മാറാനാണ് ലക്ഷ്യമിടുന്നത്.
ജെൻഡർ പാർക്ക് നടപ്പിലാക്കുന്ന/നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള വിവരണം താഴെ കൊടുക്കുന്നു.

## 1. ഹെറിറ്റേജ് മ്യൂസിയം

കേരള സ്ത്രീ ചരിത്രത്തെക്കുറിച്ചും സ്ത്രീകളുടെ പോരാട്ടത്തെക്കുറിച്ചും പ്രദർശിപ്പിക്കുന്ന ഇടമായാണ് ഹെറിറ്റേജ് മ്യൂസിയം വിഭാവനം ചെയ്തിട്ടുള്ളത്. ഹെറിറ്റേജ് മ്യൂസിയത്തിന് 2019-2020 ൽ 75 ലക്ഷത്തിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ആദ്യ ഘട്ടത്തിന്റെ ഉദ്ഘാടനം 2021 ഫെബ്രുവരിയിൽ നിർവഹിച്ചു. ഹെറിറ്റേജ് മ്യൂസിയം ജെൻഡർ പാർക്കിനു വരും കാലങ്ങളിൽ വരുമാന ശ്രോതസ്സ് കൂടിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. Virtual Reality/Augmented Reality (AR) എന്നീ നൂതന സജ്ജീകരണങ്ങൾ ഉൾപ്പെടുത്തി കൂടുതൽ ശിൽപ്പങ്ങൾ സ്ഥാപിച്ചു മ്യൂസിയം വിപുലീകരിക്കുവാൻ രണ്ടാംഘട്ടത്തിൽ ഉദ്ദേശിക്കുന്നു.

## 2. ജെൻഡർ ലൈബ്രറി

ലിംഗ ഭേദത്തെക്കുറിച്ചും അവയുടെ പങ്കിനെ കുറിച്ചും സമൂഹത്തെ ബോധവൽക്കരിക്കാൻ ഉള്ള ഉദ്യമമാണ് ജെൻഡർ ലൈബ്രറി. ആദ്യ ഘട്ടം 2021 ഫെബ്രുവരിയിൽ പൂർത്തീകരിച്ചു ഉദ്ഘാടനം ചെയ്തു. നിലവിൽ 786 പുസ്തകങ്ങളും തിരഞ്ഞെടുത്ത ജേണലുകളും ഉണ്ട്. ഫർണിച്ചർ, ആർഎഫ്ഐഡി, കിൻഡിൽസ്, കമ്പ്യൂട്ടറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ജെൻഡർ അടിസ്ഥാനമായ കൂടുതൽ പുസ്തകങ്ങൾ വാങ്ങുവാനും അംഗപരിമിതർക്കും കാഴ്ച ശക്തി കുറഞ്ഞവർക്കും മറ്റുള്ളവരോടൊപ്പം പുസ്തകങ്ങൾ വായിക്കുവാനുമുള്ള സജ്ജീകരണങ്ങൾ സ്ഥാപിക്കുവാനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും രണ്ടാം ഘട്ടത്തിൽ

ഉദ്ദേശിക്കുന്നു.

## 3. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

അഞ്ഞൂറിലധികം പേരെ ഉൾക്കൊള്ളിച്ച് പ്രീ-എക്സലൻസ് പ്രകടനങ്ങൾക്കായി അത്യാധുനിക സംവിധാനങ്ങളോട്ടു കൂടിയ ഒരു അന്താരാഷ്ട്ര തലത്തിലുള്ള കൺവെൻഷൻ സെന്ററാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. അക്കാദമിക്, മറ്റ് ആവശ്യങ്ങൾക്കായുള്ള മൾട്ടി പർപ്പസ് കോൺഫറൻസുകളും സെമിനാറുകളും നടത്തുന്നതിനായി തയ്യാറാക്കിയ സർക്കാർ മേഖലയിലെ തന്നെ ആദ്യത്തേത് എന്ന് പറയാവുന്നതാണ് ഈ കൺവെൻഷൻ സെന്റർ.

## 4. ആംഫി തിയേറ്റർ

സംഗീതം, നൃത്തം, നാടകം, കലാപരിപാടികൾ എന്നിവയ്ക്ക് ആതിഥ്യമരുളുന്ന ശാന്തമായ അന്തരീക്ഷത്തിലുള്ള ഒരു ഓപ്പൺ എയർ വേദിയാണ് ആംഫി തിയേറ്റർ. ഏകദേശം മുന്നൂറ്റിയമ്പതിൽപ്പരം വരുന്ന കാണികളെ ഉൾക്കൊള്ളാൻ പറ്റുന്ന മനോഹരമായ ഒരു ഉദ്യാനത്തോട്ടുകൂടെയാണ് ജെന്റർ പാർക്കിൽ ഇത് സെറ്റ് ചെയ്തിരിക്കുന്നത്.

## 5. ജെന്റർ ഡാറ്റാ ഹബ്

യു.എൻ വിമെനുമായി ചേർന്നു ജെന്റർ പാർക്ക് ഒരു ജെന്റർ ഡേറ്റാ ഹബ് ആവിഷ്കരിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ലൈംഗിക ചൂഷണങ്ങൾ തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കുവാനും തടയുവാനുമായി രേഖകൾ സമാഹരിക്കുന്നതിന് ഈ കേന്ദ്രം ഊന്നൽ നൽകുന്നു.

## 6. ലിംഗ സമത്വത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനം

ലിംഗസമത്വവും തുല്യതയും സംബന്ധിച്ച സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും അവബോധം വളർത്തുന്നതിനുമുള്ള ഒരു അന്താരാഷ്ട്ര വേദി പ്രദാനം ചെയ്യുന്ന കോൺഫറൻസുകളുടെ ഒരു പരമ്പരയാണ് ഇത്. ലിംഗസമത്വത്തെ ചുറ്റിപ്പറ്റിയുള്ള അനുഭവങ്ങൾ പങ്കുവെക്കാനും അക്കാദമികവും സാമൂഹികവുമായ സാധ്യതകൾ ചർച്ച ചെയ്യാനും കോൺഫറൻസ് വേദിയൊരുക്കുന്നു.

ICGE യുടെ ഒന്നാം സമ്മേളനം 2015 നവംബർ മാസം സംഘടിപ്പിക്കുകയുണ്ടായി. വികസന പ്രക്രിയയിൽ സ്ത്രീകളെയും ട്രാൻസ് ജെൻഡർ വ്യക്തികളെയും ഉൾപ്പെടുത്തുന്നത് ശക്തിപ്പെടുത്തുന്നതിന് വിവിധ മാർഗങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത എന്നതായിരുന്നു

ആദ്യ സമ്മേളനത്തിന്റെ മുഖ്യ വിഷയം.

CGE യുടെ രണ്ടാം സമ്മേളനം 2021 ഫെബ്രുവരിയിൽ കോഴിക്കോട് ജെന്റർ പാർക്കിന്റെ ക്യാമ്പസിൽ വെച്ച് നടത്തുകയുണ്ടായി "സുസ്ഥിര സംരംഭകത്വത്തിലും സാമൂഹ്യ വ്യാപാരത്തിലും ലിംഗസമത്വം: ശാക്തീകരണത്തിന്റെ മദ്ധ്യസ്ഥത" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഈ സമ്മേളനം നടത്തിയത്.

**7. ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ്**

ട്രാൻസ്ജെന്റർ വ്യക്തികൾക്ക്/ സ്ത്രീ സംരംഭകർക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. ജെന്റർ പാർക്കും ന്യൂഡൽഹിയിലെ യു.എസ് എംബസിയും ചെന്നൈയിലെ യു.എസ് കോൺസുലേറ്റും സംയുക്തമായി ഓൺലൈൻ ബിസിനസ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ് സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ സ്ത്രീ നേതൃത്വത്തിലുള്ള വ്യാപാരസംരംഭങ്ങളെ പരിപോഷിപ്പിക്കുവാൻ ഇത് സഹായിക്കും. ഇതിൽ ഉൾപ്പെടുത്തി 70 പേർക്ക് ആദ്യ കോഴ്സ് നടത്തിക്കഴിഞ്ഞു.

**8. ജെന്റർ സൗഹൃദ നഗരാസൂത്രണം**

നഗര പ്രദേശങ്ങളിലെ ആസൂത്രണവും വികസനവും; മേഖലകൾ തിരിച്ചുള്ള ആസൂത്രണം; ട്രാൻസ് ജെന്റർ വ്യക്തികൾക്കും പൊതു ഇടങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. തിരഞ്ഞെടുക്കപ്പെടുന്ന നഗരസഭയുമായി ചേർന്നു ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**9. വുമൺ ഇൻ സസ്റ്റൈനബിൾ ഓണ്ട്രർപ്രണർഷിപ്പ് (WiSE)**

**(സ്ത്രീകൾക്കായുള്ള സുസ്ഥിര സംരംഭകത്വ ഫെല്ലോഷിപ്പ് പദ്ധതി)**

ഇത് ജെന്റർ പാർക്കിന്റെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജെന്റർ & ഡെവലപ്മെന്റ് എന്ന പദ്ധതിയുടെ കീഴിലുള്ള പ്രാരംഭ പദ്ധതിയാണ്. തെരഞ്ഞെടുക്കപ്പെട്ട പത്തു പ്രഗൽഭാംഗങ്ങൾക്ക് (Fellow) സ്ത്രീ സംരംഭകരുമായി സംരംഭം തുടങ്ങുന്ന കാര്യങ്ങളിൽ ഇടപഴകുവാനും കാര്യങ്ങൾ ഗ്രഹിക്കുവാനും ഉള്ള അവസരം സൃഷ്ടിക്കും. പത്തു പ്രഗൽഭാംഗങ്ങളുടെ (Fellow) നൈപുണ്യം ഉയർത്തുക വഴി അവർ ഓരോരുത്തരും പത്തു സ്ത്രീ സംരംഭകരെ സഹായിക്കുകയും ചെയ്യും.

**10. ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ ശാക്തീകരണം- സംവാദവും ആക്ഷൻ പ്ലാനും**

2019 ലെ ട്രാൻസ്ജെന്റർ പേഴ്സൺസ് പ്രൊട്ടക്ഷൻ ആക്ട് പ്രാബല്യത്തിലായതോടു കൂടി നിലവിലുള്ള

പരിതസ്ഥിതികളിൽ മാറ്റം വന്നിട്ടുണ്ട്. ബന്ധപ്പെട്ട നടപടിക്രമങ്ങൾ പരിഷ്കരിക്കുകയും തടസങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട പ്രധാന കക്ഷികളുമായി ആശയവിനിമയം നടത്തി, നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ജെന്റർപാർക്ക് ഉദ്ദേശിക്കുന്നു. ട്രാൻസ്ജെന്റർ സമൂഹത്തിനു പൊതു സ്ഥാപനങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാനും വിഭവ സമാഹരണത്തിലും പദ്ധതികളിലും വേണ്ടത്ര പ്രാതിനിധ്യം ലഭിക്കാനും എന്തെങ്കിലും തടസങ്ങൾ ഉണ്ടെങ്കിൽ അവ നീക്കം ചെയ്യാനും ഇതുകൊണ്ടു ഉദ്ദേശിക്കുന്നുണ്ട്.

## 11. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC)

സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി വ്യവസായം, ബിസിനസ്സ്, വ്യാപാരം, ജീവിതശൈലി, സ്ത്രീകൾക്കായി ഒരു സാംസ്കാരിക കേന്ദ്രം എന്നിവയുടെ വളർച്ചയ്ക്ക് സുരക്ഷിതവും സുസ്ഥിരവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് അവരുടെ ബിസിനസുകൾ സ്ഥാപിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ ഈ കേന്ദ്രം വഴി വിപണനം ചെയ്യുന്നതിനും വീട്ടിൽ നിന്ന് ഒരു "സുരക്ഷിത ഇടം" ആയിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

## 12. ഓഫ് ക്യാമ്പസ് പദ്ധതികൾ

- **ഷീ ടാക്സി**

ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് സംരംഭമാണ് മികച്ച പ്രതികരണം ലഭിച്ച 'ഷീ ടാക്സി' പദ്ധതി. ഇത് സ്ത്രീകളെ പുതിയൊരു പാരമ്പര്യേതര തൊഴിൽ മേഖലയിലേക്ക് കടന്നു വരാൻ പ്രേരിപ്പിക്കുകയും അവരെ സ്വയം സംരംഭകരാക്കി മാറ്റി നല്ലൊരു വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തെ കേന്ദ്രീകരിക്കുന്ന, അന്താരാഷ്ട്ര പ്രശംസ നേടിയെടുത്ത ഒരു പദ്ധതിയാണിത്. വനിതാ ഡ്രൈവർമാർക്ക് അവരുടെ ഉപജീവനമാർഗം നേടുന്നതിന് സുരക്ഷിതമായ ഇടം സൃഷ്ടിക്കുക എന്നതിനൊപ്പം വനിതകൾക്കു സുരക്ഷിതമായ യാത്ര ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ഉദ്ദേശം.

- **ഇന്റഗ്രേഷൻ പദ്ധതി (സംയോജിത സ്ത്രീ സുരക്ഷാ പദ്ധതി)**

ജെൻഡർ പാർക്കിന്റെ ഷീ ടാക്സി, ഷീ ഇ-ഓട്ടോ, കേരള സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന് കീഴിലെ എന്റെ കൂട്,വൺ ഡേ ഹോം, കേരള സംസ്ഥാന വനിതാ വികസന കോർപറേഷന്റെ സേഫ് സ്റ്റേ, വനിതാ മിത്ര കേന്ദ്ര, കുടുംബശ്രീയുടെ ഷീ ഹോംസ്, ഷീ ലോഡ്ജസ്, കുടുംബശ്രീ ട്രാവൽസ് എന്നീ പദ്ധതികൾ പരസ്പര ധാരണയോടെ

ഏകീകരിച്ചുകൊണ്ട് സ്ത്രീകൾക്ക് ഏറ്റവും ഫലപ്രദമായ രീതിയിൽ ഇവയുടെ സേവനം ലഭ്യമാക്കി സ്ത്രീ സുരക്ഷ ഉറപ്പാക്കുവാൻ ഉടൻ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഇത്.

Section Officer